ഉത്തരം

(എ) 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

(ബി) യോഗങ്ങളുടെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) റാന്നി താലൂക്കിലെ റാന്നി പെരുനാട് വില്ലേജിലെ മാടമൺ, മാമ്പാറ എന്നീ സ്ഥലങ്ങളിലും കാർമൽ കോളേജിനു സമീപത്തായി 3 പ്ലോട്ടുകളും, വടശ്ശേരിക്കര വില്ലേജിലെ വാഴവാലിക്കണ്ടം എന്ന സ്ഥലത്തുള്ള ഒരു പ്ലോട്ടും പത്തനംതിട്ട ജില്ലാ കളക്ടർ ചുണ്ടിക്കാണിച്ചിട്ടുണ്ട്.

(ഇ-ജി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ആശുപത്രി സ്ഥാപിക്കുന്നതിന് പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിക്കുന്നതിനും മറ്റുമുള്ള പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കാൻ ദേവസ്വം ബോർഡ് കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ശബരിമല സീസൺ കഴിഞ്ഞാലുടൻ ഇക്കാര്യത്തിലുള്ള തുടർ നടപടികൾ ദേവസ്വം ബോർഡ് ആരംഭിക്കുന്നതാണെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ക്ഷേത്രോപദേശക സമിതി രൂപീകരണ നിയമാവലി

282 (554) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശക സമിതി രൂപീകരണം സംബന്ധിച്ച നിയമാവലിയിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിലെ ഉപദേശകസമിതി രൂപീകരണം സംബന്ധിച്ച് നിലവിലുള്ള നിയമാവലിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭേദഗതി വരുത്തുന്നതിനോടനുബന്ധിച്ചുള്ള നടപടികൾ നടന്നു വരുന്നു എന്നും അവ പൂർത്തിയാകുന്ന മുറയ്ക്ക് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതി രൂപീകരണം സംബന്ധിച്ച് നിലവിലുള്ള നിയമാവലിയുടെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്.*

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള സ്കൂളുകളിലെ പെൻഷനും നിയമനവും

283 (555) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള സ്കൂളുകളിൽ നിന്നും 2009-10 വർഷത്തിൽ എത്ര അദ്ധ്യാപകർ പെൻഷൻ പറ്റിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കുപകരം ഒഴിവുള്ള അദ്ധ്യാപക തസ്തികയിൽ എത്രപേർക്ക് പുതിയതായി നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2011 മാർച്ചിൽ എത്രപേർ പെൻഷനാകാനുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly